# പുഷ്പാഞ്ജലി



ഒരു കൈക്കുമ്പിൾപ്പൂക്ക–
ളോടെയിന്നേകാന്തമാം
തവ സന്നിധാനത്തിൽ
വന്നു നില്ക്കുന്നേൻ; നിന്റെ

ഗോപുരം കാവല്ക്കാരീ–
യരയാൽത്തറകളിൽ
വീണുറങ്ങുന്നു; നഗ്ന–
പാദനായീരാത്രിയിൽ

ഏകനായ്. നിൻകാലടി–
പ്പാടുവീണൊരീ മണ്ണിൽ
മൂകനായ്, നിൻമുന്നിലി–
പ്പൂവുകളർച്ചിക്കുന്നേൻ.

ആരുടെ ശബ്ദം കേട്ടു ഞാനുണർന്നെൻ മോഹാന്ധ–
ദീർഘ നിദ്രയിൽനിന്നും?– ഇന്നു ഞാനോർമ്മിക്കുന്നു.

വേദന തളംകെട്ടി നിന്ന ജീവിതങ്ങളിൽ
തേൻമഴ പെയ്യാൻ വന്ന വർഷമേഘമേ, നീയെൻ

നാടിനു പുത്തൻ മുഖച്ഛായ നല്കി, യെന്നാത്മ–
ദാഹത്തിനേകീ തീർത്ഥജലശീകരധാര.

പോയകാലത്തിന്നന്ധകാരങ്ങൾ മന്ത്രം ചൊല്ലി :
വാഴ്‌വിതു മായം, കർമ്മഫലമീദുഃഖം മാത്രം.

വിധിയാണെല്ലാമെന്നു കരുതിസ്സഹിക്കുവാൻ
ഉപദേശങ്ങൾ തന്ന മതവൈകൃതങ്ങളേ!

നിങ്ങളീമണ്ണിൽത്തീർത്ത വിഷമേഖലയ്ക്കുള്ളിൽ
എത്രയോ കാലം നിരാലംബനായ് മയങ്ങി ഞാൻ.

വിശ്വങ്ങൾ ജയിക്കുവാനെന്നുള്ളിലുറങ്ങിയ
മംഗലമഹാശക്തി ദുർഗ്ഗയായുണർന്നപ്പോൾ

**തട്ടി ഞാൻ നിരത്തിയാക്കോട്ട കൊത്തളമെല്ലാം
പൊട്ടിച്ചു കാൽച്ചങ്ങല, കൈവിലങ്ങുകളെല്ലാം.**

**ആവഴി തിരിഞ്ഞു ഞാനിന്നുനോക്കുമ്പോൾ കാൺമു
പൂഴിമണ്ണിതിൽ നിന്നു നീ തീർത്ത മനുഷ്യനെ.**

**നീയുറങ്ങുമീ നീലക്കുന്നിനു താഴെക്കാണും
താഴ്‌വരയല്ലോ തന്നതീക്കൊച്ചു പുല്ലാങ്കുഴൽ.**

**നിന്നപദാനങ്ങളെപ്പാടുകയല്ലല്ലോ ഞാൻ
എന്നഭിമാനങ്ങളെയോർക്കുകയത്രേ ചെയ്തു.**

**എന്നെ ഞാനാക്കിത്തീർത്ത ദർശനങ്ങളേ! നിങ്ങൾ–
ക്കെന്നുമെൻ മനസ്സിന്റെ നിശ്ശബ്ദപുഷ്പാഞ്ജലി.** ■